(ഡി) നടപ്പുസാമ്പത്തിക വർഷം തുടർച്ചയായുണ്ടായ മഴമൂലം വിളവെടുപ്പിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്. കൂടാതെ നെല്ല് സംഭരണത്തിൽ വന്ന കുറവ് പ്രധാനമായും സൂചിപ്പിക്കുന്നത് ഓപ്പൺ മാർക്കറ്റിൽ നെല്ലിന് ന്യായമായ വില ലഭിക്കുന്നുണ്ട് എന്നുള്ളതാണ്. നെല്ല് സംഭരണത്തിന്റെ പ്രഥമോദ്ദേശിത ലക്ഷ്യം തന്നെ കർഷകർക്ക് നെല്ലിന് ന്യായമായ വില ലഭ്യമാക്കുക എന്നുള്ളതായതുകൊണ്ട് സംഭരണത്തിലെ കുറവ് പോരായ്മയായി കണക്കാക്കേണ്ടതില്ല.

(ഇ) അടുത്ത വിളവെടുപ്പ് സീസണായ 2010-11 രണ്ടാം സീസണിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും 3,00,000 മെട്രിക് ടൺ നെല്ല് സംഭരിക്കാനും അരിയാക്കി പൊതുവിതരണത്തിന് നൽകുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

2010-11 രണ്ടാം സീസൺ

| ജില്ല | ലക്ഷ്യം |
|---|---|
| ആലപ്പുഴ | 125000 മെ.ടൺ |
| എറണാകുളം | 500 മെ.ടൺ |
| കോട്ടയം | 35500 മെ.ടൺ |
| പാലക്കാട് | 90000 മെ.ടൺ |
| മലപ്പുറം | 4000 മെ.ടൺ |
| പത്തനംതിട്ട | 5000 മെ.ടൺ |
| തൃശ്ശൂർ | 50000 മെ.ടൺ |
| ആകെ | 300000 മെ.ടൺ |

**മാന്ദ്യവിരുദ്ധ പാക്കേജ്**

**10(*161)** ശ്രീ. പി. ജയരാജൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് വിവിധ വകുപ്പുകൾക്ക് എന്തു തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾ നടത്തിയ പ്രവർത്തനം ധനകാര്യവകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) 10000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജാണ് 2009-10 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 3076 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 878.15 കോടി രൂപയും റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 1756.35 കോടി രൂപയും കെട്ടിടങ്ങൾക്ക് 440.92 കോടി രൂപയും ഉൾപ്പെടുന്നു. ഇതിനു പുറമെ കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ ടൂറിസം റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 86.16 കോടി രൂപയുടെ പ്രത്യേക ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുമായി 478.61 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ കനാലുകളുടെയും റഗുലേറ്റർ-കം-ബ്രിഡ്ജുകളുടെയും നിർമ്മാണ-നവീകരണ പ്രവർത്തനങ്ങൾക്കായി 519.44 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിക്ക് ഈ സാമ്പത്തിക വർഷം മാന്ദ്യവിരുദ്ധ പാക്കേജിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇവയ്ക്കുപുറമേ കൃഷി, സ്പോർട്സ് ഡിപ്പാർട്ട്മെന്റുകളും പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. യുടെ പാർക്കുകളിലേയ്ക്ക് 163 കോടി രൂപയുടെ റോഡുനിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. 3000 കോടി രൂപയുടെ ഇ.എം.എസ്. പാർപ്പിട പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്.

(ബി&സി) ഇതിന്മേൽ നടപടി സ്വീകരിക്കേണ്ടത് വിവിധ ഭരണ വകുപ്പുകളാണ്.

**നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ**

11(*162) ശ്രീ. എൻ. രാജൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. ബാബു പോൾ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ മാർക്കറ്റിൽ ഒന്നാംതരം സാധനങ്ങളുടെ വില ഈടാക്കി രണ്ടാംതരവും മൂന്നാംതരവും സാധനങ്ങൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉപഭോക്താക്കളെ ഇത്തരം തട്ടിപ്പുകളിൽ നിന്നും രക്ഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly